# സാങ്കേതിക ഗവേഷണഫലങ്ങൾ ദരിദ്രരുടെ ഉന്നമനത്തിന് ഉതകണം: അമൃതാനന്ദമയി

കൊല്ലം: ദരിദ്രരുടെ ഉന്നമനത്തിനായുള്ള സാങ്കേതിക മുന്നേറ്റത്തിന് പ്രാധാന്യം നൽകണമെന്ന് മാതാ അമൃതാനന്ദമയി അഭിപ്രായപ്പെട്ടു. ഗവേഷണഫലങ്ങൾ എത്രത്തോളം സമൂഹത്തിലെ അധഃസ്ഥിതർക്ക് പ്രയോജനപ്പെടുന്നുവെന്നുകൂടി കണക്കിലെടുക്കണമെന്നും അമ്മ പറഞ്ഞു.

ഐക്യരാഷ്ട്രസഭാ ഏജൻസിയായ യുണൈറ്റഡ് നേഷൻസ് അക്കാഡമിക് ഇംപാക്ടും (യു.എൻ.ഐ.എ) അമൃത യൂണിവേഴ്സിറ്റിയും ചേർന്ന് ന്യൂയോർക്കിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര സമ്മേളനത്തിൽ 'ശാസ്ത്രവും ആത്മീയതയും തമ്മിലുള്ള അകലം കുറയ്ക്കൽ' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അമ്മ.



ന്യൂയോർക്കിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര സമ്മേളനത്തിൽ മാതാ അമൃതാനന്ദമയി പ്രഭാഷണം നടത്തുന്നു

വിജ്ഞാനത്തിന്റെ രണ്ട് സുപ്രധാന ശാഖകളെന്ന നിലയിൽ ശാസ്ത്രവും ആത്മീയതയും കൈകോർക്കേണ്ടതാണെന്ന് അമൃത സർവകലാശാല ചാൻസലർ കൂടിയായ അമ്മ നിർദ്ദേശിച്ചു.

സ്റ്റാൻഫഡ്, ഓക്സ്ഫോഡ്, കേംബ്രിഡ്ജ്, ഇ.പി.എഫ്.എൽ, ട്വന്റെ, സിംഗപ്പൂർ നാഷണൽ തുടങ്ങിയ പ്രമുഖ സർവകലാശാലകളുടെ പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. നാനോസയൻസ്, മോളിക്കുലാർ മെഡിസിൻ, ബയോടെക്നോളജി, വയർലെസ് നെറ്റ്‌വർക്കിംഗ്, ഹാപ്ടിക്സ് എന്നീ ശാസ്ത്ര ശാഖകളിലെ നൂതന സാങ്കേതികവിദ്യകൾ സമ്മേളനത്തിൽ അവതരിപ്പിക്കുന്നുണ്ട്.

ഐക്യരാഷ്ട്രസഭയുടെ ലക്ഷ്യം നിറവേറ്റുന്നതിലും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിലും ഈ ഓൺലൈൻ സംവിധാനം സഹായകമാകുമെന്ന് യു.എൻ.ഐ.എ മേധാവി രാമു ദാമോദരൻ പറഞ്ഞു.